കേരളീയം

ലക്കം 93-97 ലക്കം 4-8 • പുസ്തകം 7 • 2005 ഏപ്രിൽ-ആഗസ്റ്റ് • 1180 മേടം-1181 ചിങ്ങം • പേജ് 92 • വില 20 രൂപ

# വികസനം : വിഷം ചേർത്ത സത്യങ്ങളോ വെള്ളം ചേർക്കാത്ത നുണകളോ?

**മലയാളിയുടെ** പുതുവർഷത്തിൽ, ചിങ്ങത്തിന് തിരുവോണമാഘോഷിക്കുന്ന കേരളീയരായ നാമെല്ലാവരും നമ്മോടു തന്നെ ചോദിയ്ക്കേണ്ട ചില അടിയന്തിര ചോദ്യങ്ങളുണ്ട്. ജീവിതം പല വഴികളിലൂടെ മുന്നേറുമ്പോൾ ദൈനംദിന ജീവിതത്തിന്റെ വഴിയടഞ്ഞു പോകുന്ന വലിയൊരു വിഭാഗമുണ്ട്-അവരിൽ മനുഷ്യർ മാത്രമല്ല, കേരളീയർ മാത്രമല്ല, മറ്റനേകം ജീവജാലങ്ങളും സമൂഹങ്ങളുമുണ്ട്. യാദൃശ്ചികമായി അവരുടെ ഗതി മുട്ടുന്നതല്ല. നിലനിൽപ്പില്ലാത്ത, ജനഹിതകരമല്ലാത്ത വികസന പദ്ധതികളും 'പുരോഗമന' ശ്രമങ്ങളുമാണതിന്റെ പിന്നിൽ മറ്റൊരു തരത്തിൽ പറഞ്ഞാൽ: "കൂടുതൽ ലാഭം, എങ്ങിനെയും ലാഭം, എത്രയും ലാഭം-വേഗത്തിൽ" എന്ന കോർപ്പറേറ്റ് ആധിപത്യത്തിന്റെ പലവിധ ശ്രമങ്ങളിലൂടെ നമ്മുടെ മാത്രമല്ല, വരുംതലമുറകളുടെ കൂടി (വീണ്ടും പറയട്ടെ സസ്യ-ജന്തു-ജീവജാലങ്ങളുടെയും) ഭാവിയാണ് നമ്മുടെ ജാഗ്രതയില്ലായ്മയിൽ, അശ്രദ്ധയിൽ, ഉത്തരവാദിത്വമില്ലായ്മയിൽ കുലമറ്റുപോകുന്നത്. ഇതെല്ലാം നമ്മൾ ഇഷ്ടപ്പെടുന്ന 'വികസന'ത്തിന്റെ പേരിലാണെന്നത് (അത്ര നല്ലതല്ലെന്ന്) അറിയുന്ന സ്ഥിതിയിലെത്തിയപ്പോഴെങ്കിലും നാം തിരിച്ചറിയണ്ടേ? യഥാർത്ഥ അറിവുകളുടെ വിവേകത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും, ശരിയായ (സ്ഥായിയായ) വികസനത്തിലേയ്ക്ക് നയിക്കാൻ ലക്ഷ്യമിട്ട് ഈ ആഗസ്റ്റ് ലക്കം 'കേരളീയം' മുഖ്യമായി പ്ലാച്ചിമട പ്രശ്നത്തെ വീണ്ടും പരിശോധിക്കുന്നു. എല്ലാവരും അംഗീകരിച്ച കുടിവെള്ള പ്രശ്നം മാത്രമായല്ല, മലിനീകരണ പ്രശ്നം-മാരകമായ ഖരമാലിന്യ പ്രശ്നം വിശദമായി പരിശോധിക്കാൻ ശ്രമിക്കുകയാണ്. ഇനിയും വേണ്ടത്ര ശ്രദ്ധ കിട്ടിയിട്ടില്ലാത്ത അത്യന്തം പ്രധാനപ്പെട്ട ഈ വിഷയം വരുംനാളുകളിൽ ഗൗരവമായെടുത്തില്ലെങ്കിൽ ഭാവി അപകടത്തിലാവും (2005 ജനുവരിയിലെ കേരളീയം പ്രത്യേകം ലക്കം-പ്ലാച്ചിമട സമരം 1000 ദിവസങ്ങൾ-ഊന്നിയത് ജല മലിനീകരണ വിഷയത്തിലായിരുന്നു). എന്തുകൊണ്ടാണ് എല്ലാം തികഞ്ഞ ഈ സമരത്തിൽ വിജയം ഇനിയും നേടാകാത്തത്? രാഷ്ട്രീയ പാർട്ടികൾ, സംഘടനകൾ, പ്രമുഖ വ്യക്തികൾ-എല്ലാവരും കോളക്കമ്പനിക്കെതിര്! എന്നിട്ടുമെന്തേ, ഇപ്പോൾ കമ്പനി പ്രവർത്തിക്കാൻ തുടങ്ങുന്നത്-നമുക്കാവശ്യമില്ലാത്ത അപകടകരമായ ഒന്ന്. ഇവിടെ ആരുടെ താല്പര്യങ്ങൾ എങ്ങിനെയെല്ലാം അട്ടിമറിക്കുന്നു, നയിക്കപ്പെടുന്നു? രാഷ്ട്രീയത്തെ ഇനിയും ആഴത്തിൽ വിശകലന വിധേയമാക്കേണ്ടതാണ് എന്നതാണ് സത്യം. വിഷം ചേരാത്ത, വെള്ളം ചേർക്കാത്ത അന്വേഷണമാവണം അത്.



ഇവ സ്വാതന്ത്ര്യത്തിലേക്കുള്ള വികസനത്തിന്റെ പ്രതീകങ്ങളാവുമോ?

**വികസനത്തിന്റെ** രാഷ്ട്രീയം തന്നെയാണ് "കേരളം എങ്ങോട്ട്" എന്നതിലൂടെ ശ്രമിക്കുന്നത് രാഷ്ട്രപതി അബ്ദുൾ കലാമിന്റെ അജണ്ട നമുക്കനുയോജ്യമായ രീതിയിൽ വളർത്താൻ ലക്ഷ്യമിടുന്നത്.

**അടിസ്ഥാനതല** ജനകീയ രാഷ്ട്രീയത്തിലേക്ക് നയിക്കുന്ന 'ജനാധികാരം' ചർച്ചാന്വേഷണം എല്ലാവരുടേയും സ്വാതന്ത്ര്യവും ക്ഷേമവും ആകണം. നമുക്കുവേണ്ടി രാഷ്ട്രമല്ല/സർക്കാരല്ല, പാർട്ടികൾ മാത്രമല്ല, നേതാവല്ല, അധികാരം എന്നാവാൻ. സ്വാതന്ത്ര്യത്തിലേക്കുള്ള വികസനമാവണമെങ്കിൽ അത്യാവശ്യങ്ങൾക്കുള്ളത് നമ്മുടെ ഈഭൂമിയിൽ തന്നെയുണ്ട്. നമ്മുടെ തന്നെ കോർപ്പറേറ്റ് അത്യാഗ്രഹങ്ങൾക്കുള്ളത് ആർക്കും ഇവിടെയില്ല-എന്ന യാഥാർത്ഥ്യം അറിയാൻ അധികം അലയേണ്ട. ഉദാഹരണമായി, മാതൃകയായി പ്ലാച്ചിമട മാത്രമെടുത്താൽ മതി. കേവലം പ്രതീകമായല്ല, യാഥാർത്ഥ്യമായി ഇനി നിരന്തരം അഭിമുഖീകരിക്കേണ്ടി വരുന്ന 'നിത്യസത്യ'മെന്ന നിലയിൽ. ഇവിടെ പരാജയപ്പെട്ടാൽ, ഭാവിയില്ല. അതിനാൽ 'കേരളീയ'ത്തിന്റെ ഈ വികസന ലക്കം തുടക്കവും തുടർച്ചയുമായി കാണുക. യാതനകളില്ലാത്ത നീതിയും നന്മയും സ്വാതന്ത്ര്യവും സമാധാനവും സുസ്ഥിരതയുമുള്ള ജീവിതം-ആ സർവ്വോദയത്തിലേയ്ക്ക് നമുക്ക് വികസിക്കാൻ ഏറെ ദൂരംമാത്രമല്ല സൂക്ഷ്മതയോടെ ശ്രദ്ധയോടെ ശരിയായ ജനാധിപത്യത്തിലൂടെ പോകേണ്ടതുണ്ട്.

ആഗസ്റ്റ് ക്വിറ്റ് ഇന്ത്യ-സ്വാതന്ത്ര്യ ദിനങ്ങളുടെ ഓർമ്മകളുടേതാണ്. പുറത്താക്കപ്പെടേണ്ടവയെ അങ്ങിനെ ചെയ്തും യഥാർത്ഥ സ്വാതന്ത്ര്യം നേടേണ്ട പ്രചോദന ദിനങ്ങൾ. കേരളത്തിലെ വികസന ചർച്ചകളുടെ തുടക്കമായി കാണുന്ന സൈലന്റ് വാലി സംരക്ഷണത്തിന്റെ ഇരുപതാം വർഷവും ഇപ്പോൾ ഓർമ്മിപ്പിക്കുന്നത് മറ്റൊന്നല്ല.

പ്രതീക്ഷയോടെ വായനക്കാരിലേക്ക്,

*പത്രാധിപർ*

പത്രാധിപർ : പ്രമോദ്; ഏകോപനം : റോബിൻ ടൈപ്പ് സെറ്റിങ്ങ് - മൗസ് ആന്റ് മൈന്റ്സ്, തൃശൂർ.
സാങ്കേതിക സഹായം : എൻ.ചന്ദ്രൻ, പി.എ.അശോകൻ, പി.ടി.എം.ഹുസൈൻ, ഡോ.ബേബി എ.എ., വി.എം.ഗിരിജ, ഷീബ അമീർ, തോമസ്, എസ്. ലിമ, അജിലാൽ, മധുരാജ്. സി.ആർ. ഗിരീഷ്, പ്രവീൺ, എൻ.പി. ജോൺസൺ, ചിറ്റൂർ ഷണ്മുഖദാസ്, ഡോ. ബിന്ദു, സി.ആർ. നീലകണ്ഠൻ, പൂജ, ചന്ദ്രശേഖരൻ, കെ.എ. സമദ്, സുഗുണൻ, സുരേഷ് തൃക്കുന്നപ്പുഴ, ചന്ദ്രിക, ജയ, എസ്. സുനിൽകുമാർ